**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** **11-02-2025 - ൽ മറുപടിയ്ക്ക്**

**വട്ടവട പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ വട്ടവടയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ നിർമ്മാണം നടക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | ഇടുക്കി ജില്ലയിൽ വട്ടവട പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായി 03/10/2015 ൽ ഭരണാനുമതി നൽകി നിർവ്വഹണ ഏജൻസിയായി KITCO യെ തെരഞ്ഞെടുത്ത് പ്രവർത്തി ആരംഭിച്ചിരുന്നു. എന്നാൽ വട്ടവട ഗ്രാമപഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകിയതിനാൽ നിർമ്മാണം നിർത്തി വച്ചിരുന്നു. നിലവിൽ വട്ടവട വില്ലേജിൽ ബ്ലോക്ക് നം. 60 റീസർവ്വേ 356/3 ൽ ഉൾപ്പെട്ട 0.2024 ഹെക്ടർ ഭൂമിയുടെ ഉപയോഗാനുമതി പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകി ഉത്തരവായിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണം പുനരാരംഭിക്കുന്നതിന് structural എഞ്ചിനീയറെ കൊണ്ട് പരിശോധിപ്പിച്ച ശേഷം നിലവിലുള്ള ഭരണാനുമതി തുകയിൽ നിലനിർത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KITCO ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ